


ബ്ര. മനു പനച്ചിക്കൽ

ലോകം എന്തെന്നില്ലാത്ത രീതിയിലുള്ള വളർച്ചയുടെ പാതയിലാണ്. എല്ലാം വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. സമ്പത്ത്, ദാരിദ്ര്യം, വിദ്യാഭ്യാസം, ആയുസ്, ആരോഗ്യം, തിന്മകൾ, ആഡംബരം എന്തുവേണ്ട എല്ലാം ഇന്ന് വളർച്ചയുടെ പാതയിലാണ്. ഒരുകാലത്ത് ആഡംബരത്തിനും സുഖലോലുപതയ്ക്കുമായി എല്ലാം സ്വന്തമാക്കാനുള്ള തത്രപ്പാടിലായിരുന്നു നാം. അതിനായി രാവ് പകലാക്കി മാറ്റി നാം കഷ്ടപ്പെട്ടു. എന്നാൽ ഇന്ന് എല്ലാം സ്വന്തമാക്കുക എന്നതിലുപരി അപരന്റെ കൂടെ സ്വന്തമാക്കുക എന്ന ചിന്തയിൽ നയിക്കപ്പെടുന്നവരായി നാം മാറുന്നു.

കൺമുമ്പിൽ കൊള്ളയടിക്കുന്നവരുടെയും കൺമുമ്പിൽ കൊല ചെയ്യപ്പെടുന്നവരുടെയും ഈ കാലത്ത് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ ഏറെ പ്രസക്തമാണ്. സമാന്തര സുവിശേഷങ്ങളിൽ ഒരുപോലെ ആവർത്തിക്കപ്പെടുന്ന ഈ ഉപമ നമ്മുടെ മനോഭാവങ്ങളെ ഈ നോമ്പുകാലത്ത് ചോദ്യം ചെയ്യാനുതകുന്ന ഒരു വലിയ സഹായിയാണ്.

ഏതാനും നാളുകൾക്ക് മുമ്പ് 9000 കോടിയോളം തട്ടിയെടുത്ത് നാട് വിട്ട വിജയ്മല്യയെപ്പറ്റി നാം കേട്ടിരുന്നു. അതിൽ കേസ് തീർപ്പാകും മുമ്പേ നീരവ് മോദിയെന്ന വജ്രവ്യാപാരി 10000 മുകളിൽ കോടിയുമായി മുങ്ങിയ വാർത്തയും നാം കേട്ടു. ദാരിദ്ര നാരായണന്മാർ മിനിമം ബാലൻസ് ഇല്ലാത്തതിനാൽ പിഴയടക്കുകയും കൃഷിനാശം മൂലം ലോൺ തിരിച്ചടക്കാൻ പറ്റാത്തതിനാൽ ജപ്തി

നേരിടുകയും ചെയ്യുമ്പോൾ ഇതേ പാവപ്പെട്ടവന്റെ നാണയത്തുട്ടുകൾപോലും പെറുക്കിയെടുത്ത് നാട് വിടുന്നവരുടെ നാട്ടിലാണ് നാം ഇന്ന് ജീവിക്കുന്നത്. അടിവയറ്റിൽ കത്തിക്കാളുന്ന വിശപ്പ് മാറ്റാനായി അരി കട്ടവൻ മധു എന്ന ആദിവാസി ഇന്ന് ലോകത്തിലേയില്ല.

അപരന്റെ കൂടെ സ്വന്തമാക്കണമെന്ന വികലമായ ചിന്തയിലാണ് നാമെല്ലാവരും ഇന്ന് ജീവിക്കുന്നത്. രണ്ടുള്ളവർ ഒന്നില്ലാത്തവന് നൽകട്ടെ എന്ന ക്രിസ്തുവിന്റെ ഓർമ്മപ്പെടുത്തലിനെ മനപ്പൂർവ്വം മറന്ന്, എനിക്ക് രണ്ട് ഉള്ളപ്പോഴും അപരന്റെ ഒന്നുമില്ലായ്മയിൽ അവശേഷിക്കുന്നവ കൂടെ സ്വന്തമാക്കാനുള്ള ശ്രമം നടത്തുന്നവരൊക്കെ ശിക്ഷാവിധിക്ക് വിധേയരായ മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരനായി മാറുന്നു.

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ യഹൂദനേതാക്കന്മാരും ഈശോയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്നു. ഇവിടെ ഉടമസ്ഥൻ ദൈവവും മുന്തിരിത്തോട്ടം ഇസ്രായേൽ ജനവും കൃഷിക്കാർ യഹൂദനേതാക്കളും ഫലം അന്വേഷിച്ച് വരുന്ന ഭൃത്യന്മാർ പ്രവാചകരും ഉടമസ്ഥന്റെ പുത്രൻ സാക്ഷാൽ ഈശോയുമാണ്.

ഈ ഉപമയിലെ ഉടമസ്ഥന് രണ്ട് പ്രത്യേകതകൾ നമുക്ക് കാണാനാകും. ഒന്നാമതായി അദ്ദേഹം തന്റെ കൃഷിയിടത്തോടൊപ്പം കൃഷിക്കാരുടെയും കൂടി സംരക്ഷണം ആഗ്രഹിക്കുന്നവനാണ്. വേലിയും ഗോപുരവും എല്ലാം മുന്തിരിച്ചെടിയുടെ സംരക്ഷണത്തോടൊപ്പം വേലക്കാരുടെ സംരക്ഷണവും ജോലിയും സുഗമമാക്കുന്നുണ്ട്. രണ്ടാമതായി അദ്ദേഹം തന്റെ കൃഷിക്കാരെ അകമഴിഞ്ഞ് വിശ്വസിക്കുന്നവനാണ്. അതിനാൽ തന്നെ നേരിട്ട് ഫലം ശേഖരിക്കാൻ വരാതെ ഭൃത്യരെ അയയ്ക്കുകയാണ് യജമാനൻ ചെയ്യുക. അവരെ അപമാനിച്ചിട്ടും കൊന്നുകളഞ്ഞിട്ടും വീണ്ടും ഭൃത്യരെയും തന്റെ പുത്രനെയും വിശ്വാസത്തോടെ അവൻ അവരുടെ പക്കലേക്ക് അയയ്ക്കുന്നുണ്ട്.

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരും രണ്ട് തരം പ്രത്യേകതകൾ പേറുന്നവരാണ്. ഒന്നാമതായി മുന്തിരിത്തോട്ടം അവരുടെ സ്വന്തമല്ല. അതുകൊണ്ട് മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥത കരസ്ഥമാക്കാനായി അവർ വെമ്പൽ കൊള്ളുന്നു. രണ്ടാമതായി യജമാനന്റെ മുന്നറിയിപ്പുകളെ അവഗണിച്ച് യജമാനന് തങ്ങളിലുള്ള വിശ്വാസത്തെ നശിപ്പിക്കുന്നു.

ഇന്ന് വായിച്ച് കേട്ട രണ്ട് പഴയനിയമ വായനകളും (ഉത്പ 11:1-9 ജോഷ്വ 7:10-15) നമുക്ക് മുമ്പിൽ വരച്ചു കാണിക്കുന്നത് കൃഷിക്കാരുടേതിനു സമാനമായ മനോഭാവത്തിന് ലഭിക്കുന്ന ശിക്ഷകളെപ്പറ്റിയാണ്. അഹങ്കാരവും വിശ്വാസവഞ്ചനയും ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽ നിന്ന് ആഗ്രഹിക്കുന്ന വസ്തുതകളല്ല. ലേഖനഭാഗം (റോമ 8:12-17) നമ്മോട് പറയുക കൃഷിക്കാർക്ക് നഷ്ടമായ സൗഭാഗ്യത്തെപ്പറ്റിയാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ് (റോമ 8:14). നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും. ദൈവത്തിന്റെ (ഉടമസ്ഥന്റെ) വാക്കുകേൾക്കാൻ തയ്യാറായിരുന്നെങ്കിൽ കൃഷിക്കാർക്ക് ആ തോട്ടം തന്നെ സ്വന്തമാക്കാമായിരുന്നു. എന്നാൽ അത്യാഗ്രഹവും അഹങ്കാരവും വിശ്വാസവഞ്ചനയും അവരെ നിത്യശിക്ഷയ്ക്ക് അർഹരാക്കി തീർത്തു.

തിരുസ്സഭയാകുന്ന മുന്തിരിതോട്ടത്തിലെ കൃഷിക്കാരാണ് നാം ഓരോരുത്തരും. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും നന്മയുടെയും ഒക്കെ ഫലങ്ങൾ ഉടമസ്ഥനായ ദൈവത്തിന് നൽകുക എന്നത് നമ്മുടെ കടമയാണ്. ദൈവാത്മാവിനാൽ നയിക്കപ്പെട്ട് ദൈവത്തിന്റെ പുത്രരായി തീർന്ന് സത്ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വലിയ വിളിയും ആഹ്വാനവുമാണ് നമ്മെ സംബന്ധിച്ചിടത്തോളം ഈ നോമ്പുകാലം. അതിനായി നമുക്ക് സാധിക്കുന്നുണ്ടോ എന്ന് നമുക്ക് ചിന്തിക്കാം. തിരുസ്സഭയാകുന്ന മുന്തിരിത്തോട്ടത്തിലെ നല്ല വേലക്കാരനായി മാറാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം ആഗ്രഹിക്കാം. ◆